**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3473** **15-02-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ഏറ്റവുമധികം മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 87 തൊഴിൽ മേഖലകളെ 1948-ലെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും ആയതിൽ 85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. മിനിമം വേതന കാലാവധി കഴിയുന്ന തൊഴിൽ മേഖലകളുടെ മിനിമം വേതനം കാലോചിതമായി പുതുക്കി നിശ്ചയിക്കാറുമുണ്ട്. |
| (ബി) | കാർഷിക-കാർഷികേതര മേഖലകളിൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം കൂലി ഉറപ്പ് നൽകാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 19.11.2022 തീയതിയിലെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച 'Hand book of Statistics of own Indian States, 2021-22' ന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ശരാശരി പ്രതിദിന വേതനം 726.80 രൂപയും കാർഷികേതര മേഖലയിൽ ജോലി ചെയ്യുന്ന ശരാശരി പ്രതിദിന വേതനം 681.80 രൂപയുമാണ്. ടി തുക മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രതിദിന വേതനത്തേക്കാൾ ഉയർന്ന നിരക്കിലാണ്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷിക മേഖലയിലെ ദേശീയ ശരാശരി 323.20-ഉം കാർഷികേതര മേഖലയിലെ ദേശീയ ശരാശരി 326.60-മാണ്. ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കാർഷിക-കാർഷികേതര മേഖലകളിൽ ദേശീയ ശരാശരിയുടെ ഇരട്ടിയിലധികം കൂലി നൽകുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പരമ്പരാഗത തൊഴിൽ മേഖലകളിൽ മിനിമം വേതനം ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയ്ക്കാമോ? | (സി) | സംസ്ഥാനത്തെ പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, കശുവണ്ടി, കൈത്തറി, ഖാദി, ബീഡി-സിഗാർ, ഹാന്റിക്രാഫ്റ്റ്, കെയിൻ ആന്റ് ബാംബു തുടങ്ങിയ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ആയത് |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്നുണ്ടോയെന്ന് സ്ഥാപന പരിശോധനയിലൂടെ ഉറപ്പ് വരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് വർഷത്തിൽ നിശ്ചയിക്കപ്പെട്ട മിനിമം കൂലി വരുമാനമായി ലഭിക്കത്തക്ക വിധത്തിൽ യഥാർത്ഥത്തിൽ ലഭിക്കുന്ന വരുമാനവുമായുള്ള അന്തരം കണക്കാക്കി കുറഞ്ഞത് 1250/- രൂപ ഒരു തൊഴിലാളിയ്ക്ക് സാമ്പത്തിക സഹായമായി അനുവദിക്കുന്നതിനായി തൊഴിൽ വകുപ്പ് മുഖേന സാമ്പത്തിക താങ്ങൽ പദ്ധതി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരമുള്ള ധനസഹായം തൊഴിൽ വകുപ്പ് മുഖേന താഴെ സൂചിപ്പിക്കുന്ന വകുപ്പ്/ ബോർഡുകൾക്ക് കീഴിൽ വരുന്ന തൊഴിലാളികൾക്കാണ് നൽകി വരുന്നത്.<br><br>1. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്<br><br>2. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്<br><br>3. കയർ ഡയറക്ടറേറ്റ്<br><br>4. ബീഡി & സിഗാർ ക്ഷേമനിധി ബോർഡ്<br><br>5. ഹാന്റ് ലൂം & ടെക്സ്റ്റൈൽ ഡയറക്ടറേറ്റ്<br><br>6. ഫിഷറീസ് ഡയറക്ടറേറ്റ്<br><br>7. ഹാന്റ് ലൂം വെൽഫെയർ ഫണ്ട് ബോർഡ്. |

സെക്ഷൻ ഓഫീസർ